രാഷ്ട്രീയ തടവുകാർ.

* 286. [38] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ

(എ) ഇന്നാട്ടിലെ ഭൂരിപക്ഷം ജനങ്ങളും രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയ തടവുകാരുടെ മോചനം അഭിലഷിക്കുന്നവരാണെന്ന് ഗവണ്മെൻറിനറിവുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു ഗവണ്മെൻറ് നയം വ്യക്തമാക്കാമോ ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) അറിവില്ല.

(ബി) ഗൗരവാവഹമായ കുറങ്ങൾക്ക് ശിക്ഷിച്ചിട്ടുള്ളവരെ മോചിപ്പിക്കുക എന്നുള്ളതല്ല ഗവണ്മെൻറിന്റെ നയം.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ.

* 287. [39] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു കമ്മിറ്റിയെ സ്റ്റേറ്റ് ഗവണ്മെൻറിൽ നിന്നും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) അതിലെ മെമ്പറന്മാർ ആരെല്ലാം; എന്നുമുതൽ അവർ പ്രവർത്തനം തുടങ്ങി ;

(സി) അവരുടെ റിപ്പോർട്ട് കിട്ടിയോ; കിട്ടിയെങ്കിൽ എന്നു ; അതനുസരിച്ചുള്ള എന്തെല്ലാം ശുപാർശകൾ ഗവണ്മെൻറ് നടപ്പാക്കി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ശ്രീ. കളത്തിൽ വേലായുധൻനായർ എം. എൽ. എ. കമ്മറ്റിയുടെ ചെയർമാനും,

ശ്രീമാന്മാരായ :

1. പി. എസ്. നടരാജപിള്ള, എം. എൽ. എ.
2. ഒ. ആർ. കുമ്മാർ, എം. എൽ. എ.
3. കെ. സി. ജോർജ്, എം. എൽ. എ.
4. ആർ. കൃഷ്ണയ്യർ, സെക്രട്ടറി, ട്രാവൻകൂർ ചേംബർ ആഫ് കാമേഴ്സ്, ആലപ്പുഴ.
5. എസ്. ഗോവിന്ദമേനോൻ ഐ. എ. എസ്. മെംബർ, ബോർഡ് ആഫ് റവന്യൂ

എന്നിവർ കമ്മിറ്റിയുടെ മെംബറന്മാരാണ്. 4-11-1955 മുതൽ കമ്മിറ്റി പ്രവർത്തനം തുടങ്ങി.

(സി) കമ്മിറ്റിയുടെ ഒരു ഇടക്കാലറിപ്പോർട്ട് 17-12-1955-ൽ കിട്ടി, പ്രസ്തുത റിപ്പോർട്ട് ഗവണ്മെൻറ് പൊതുവേ അംഗീകരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly